(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലും 14 ജില്ലാ ഫോറങ്ങളിലുമായി ഫയൽ ചെയ്യപ്പെട്ടിട്ടുള്ള പരാതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

വർഷം	സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ (അപ്പീലുകൾ ഉൾപ്പെടെ)	ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ
2011	991	5607
2012	1164	6077
2013	1164	6037
2014	723	6493
2015	1062	6612
ആകെ	**5104**	**30826**

(സി) നിയമസാധുത ഇല്ല. ഒരു സാധനം വാങ്ങുമ്പോൾ അതിൽ സൂചിപ്പിച്ചിരിക്കുന്ന അളവ്, തൂക്കം, ഗുണനിലവാരം തുടങ്ങിയവയിൽ ഏതിലെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ ടി സാധനം മാറ്റി വാങ്ങുന്നതിനോ, ഉപഭോക്തൃ നിയമം അനുസരിച്ച് നിയമനടപടി സ്വീകരിക്കുന്നതിനോ ഉപഭോക്താവിന് അവകാശമുണ്ട്.

പാചകവാതക വിതരണം

129(2768) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേതനവർദ്ധന ആവശ്യപ്പെട്ട് ഉദയംപേരൂർ ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റിലെ കരാർ തൊഴിലാളികൾ അനിശ്ചിതകാല പണിമുടക്ക് സമരം തുടങ്ങിയതുകൊണ്ട് പാചകവാതക വിതരണം ഏറെക്കുറെ തടസ്സപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളി യൂണിയനുകളുടെ ആവശ്യമെന്താണ്; ഇക്കാര്യത്തിൽ തൊഴിലാളി യൂണിയൻ നേതാക്കളുമായി ലേബർ കമ്മീഷൻ ചർച്ച നടത്തിയിരുന്നോ; എന്തൊക്കെ കാര്യങ്ങളാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ കളക്ടർ പ്രസ്തുത വിഷയത്തിൽ എന്ത് നിലപാടാണ് കൈക്കൊണ്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബോട്ടിലിംഗ് പ്ലാന്റിന് അവശ്യ സർവ്വീസ് നിയമമനുസരിച്ച് (എസ്മ) നടപടിയെടുക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) ഉണ്ട്. നിലവിലെ അടിസ്ഥാന വേതനമായ 8,424 രൂപ 15,000 രൂപയാക്കി വേതനവർദ്ധനവ് നടപ്പിലാക്കണമെന്നായിരുന്ന തൊഴിലാളികളുടെ ആവശ്യം. ഇക്കാര്യത്തിൽ യൂണിയൻ നേതാക്കളും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കോൺട്രാക്ടർമാരുമായി റീജിയണൽ ലേബർ കമ്മീഷണർ പല പ്രാവശ്യം ചർച്ച നടത്തിയെങ്കിലും ചർച്ചകൾ പരാജയപ്പെടുകയും 8-2-2016 മുതൽ തൊഴിലാളികൾ അനിശ്ചിതകാല സമരം തുടങ്ങുകയും ചെയ്തു.

(സി) ഈ വിഷയത്തിൽ ജില്ലാ കളക്ടർ 8-2-2016-ൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ മാനേജ്മെന്റ്, കോൺട്രാക്ടർമാർ, റീജിയണൽ ലേബർ കമ്മീഷണർ, യൂണിയൻ നേതാക്കൾ എന്നിവരുമായി ചർച്ച നടത്തുകയും യൂണിയൻ നേതാക്കളോട് സമരം നിർത്തുവാനും വേതനവർദ്ധനവ് സംബന്ധിച്ച ചർച്ചകൾ തുടരുവാനും ആവശ്യപ്പെട്ടു. ആവശ്യമെങ്കിൽ 'എസ്മ' പ്രയോഗിക്കുമെന്നും ജില്ലാ കളക്ടർ യൂണിയൻ നേതാക്കൾക്ക് മുന്നറിയിപ്പ് നല്കുകയും ചെയ്തു.

(ഡി) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഫയൽ ചെയ്ത WP(C)3804/2016 പ്രകാരം എൽ.പി.ജി. വിതരണം സാധാരണ നിലയിലാക്കുവാൻ 'എസ്മ' അനുസരിച്ച് നടപടിയെടുക്കാൻ ജില്ലാ കളക്ടർക്ക് ഹൈക്കോടതി നിർദ്ദേശം നല്കിയിരുന്നു. എന്നാൽ 9-2-2016-ൽ സമരം താൽക്കാലികമായി നിർത്തിവച്ചതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല.

കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറം

130(2769) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറം ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly